


സുഹൈറലി തിരുവിഴാംകുന്ന്

zuhairalik@gmail.com

മനോഹരമായ ഈണത്തിൽ നമുക്ക് ആവശ്യമുള്ള ഖുർആൻ ഭാഗം ഓതിത്തരാനും അതിന്റെ അർഥം പറഞ്ഞുതരാനും വീട്ടിലൊരു ഉസ്താദ് സദാസമയവും ഉണ്ടെന്ന് സങ്കൽപിച്ചു നോക്കൂ. ഈ ഉസ്താദിന്റെ സഹായമാണ് പുതിയ ടെക്നോളജി യുഗത്തിൽ പെൻ ഡിജിറ്റൽ ഖുർആൻ നമുക്ക് തരുന്നത്.

# വീട്ടിലെ ഖുർആൻ ഉസ്താദ്

ഖുർആൻ പാരായണം വീടിന്റെ അലങ്കാരമാണ്. മാലാഖമാരുടെ സാന്നിധ്യം വീടുകളെ പൊതിയുന്ന നിമിഷങ്ങൾ. മനോഹരമായ ഈണത്തിൽ നമുക്ക് ആവശ്യമുള്ള ഖുർആൻ ഭാഗം ഓതിത്തരാനും അതിന്റെ അർഥം പറഞ്ഞുതരാനും വീട്ടിലൊരു ഉസ്താദ് സദാസമയവും ഉണ്ടെന്ന് സങ്കൽപ്പിച്ചു നോക്കൂ. ഈ ഉസ്താദിന്റെ സഹായമാണ് പുതിയ ടെക്നോളജി യുഗത്തിൽ പെൻ ഡിജിറ്റൽ ഖുർആൻ നമുക്ക് തരുന്നത്. സദാ ഖുർആൻ ഓതുന്നതു പോലെ ഓതാനും മുസ്ഹഫായി ഉപയോഗിക്കാനും സാധിക്കും എന്നതാണ് ഇതിന്റെ സവിശേഷത. അതേസമയം വ്യത്യസ്ത ഖാരിഉകളുടെ ശബ്ദത്തിൽ ഒരു വചനം കേൾക്കണമെങ്കിൽ കൂടെയുള്ള മാജിക് പെൻ കൊണ്ട് ആയത്തിന് മുകളിൽ സ്പർശിക്കുകയേ വേണ്ടതുള്ളൂ. പ്രസ്തുത ആയത്ത് പേനയിൽ ഉള്ള സ്പീക്കർ ഓതിത്തരും. ഇനി ഒരു പേജ് മുഴുവനായി കേൾക്കണമെങ്കിൽ പേജ് നമ്പറിന് മുകളിൽ സ്പർശിച്ചാൽ മാത്രം മതിയാവും. സൂറത്ത് മുഴുവൻ പാരായണം ചെയ്ത് കേൾക്കണമെങ്കിൽ സൂറത്തിന്റെ പേരിന് മുകളിൽ ജസ്റ്റ് ടച്ച്.



ഓരോ വാക്കും ആവർത്തിച്ചാവർത്തിച്ചു കേട്ട് പഠിക്കണമെന്നുണ്ടെങ്കിൽ അതിനും ഈ സാങ്കേതികവിദ്യ വഴിയൊരുക്കുന്നുണ്ട്. Quran word by word എന്ന, ഖുർആന്റെ സൈഡിലെ ഐക്കണിൽ പേന വെച്ചാൽ മാത്രം മതി. അഞ്ച് ഖാരിഉകളുടെ പാരായണം കൂടാതെ ഇംഗ്ലീഷ്, ഉർദു, മലയാളം പരിഭാഷകളും ലഭ്യമാണ്. Translation എന്ന ഭാഗത്ത് ക്ലിക്ക് ചെയ്ത് ഖുർആനിൽ പേന വെച്ചാൽ പ്രസ്തുത ഭാഗത്തിന്റെ അർഥം പറയുകയായി. പാരായണവും അർഥവും ഇടവിട്ട് കേൾക്കാനും ഈ 'മാജിക് ഖുർആനി'ൽ ഒപ്ഷനുണ്ട്.

ഈ രീതിയിൽ കേട്ടുപഠിക്കാൻ അറബി അക്ഷരങ്ങളും ബുഖാരി -മുസ്‌ലിം ഹദീസുകളുടെ തെരഞ്ഞെടുത്ത ഭാഗങ്ങളും ദൈനംദിന പ്രാർഥനകളും കുട്ടികൾക്കായി പ്രാഥമിക സൂറത്തുകളും അനുബന്ധ പുസ്തകങ്ങളും ഇതിന്റെ കൂടെ ലഭിക്കും. അറബിയും ഖുർആനും പഠിച്ചു വരുന്നവർ മുതൽ ചെറിയ കുട്ടികൾക്കും യാതൊരു കമ്പ്യൂട്ടർ പരിജ്ഞാനവുമില്ലാത്ത പ്രായാധിക്യമുള്ളവർക്കും ഇത് സഹായകമാവുന്നു എന്നത് ശ്രദ്ധേയമാണ്. പ്രത്യേക സെൻസറിംഗ് സംവിധാനത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. യാത്രകളിൽ ഈ ഖുർആനിന് പകരമുള്ള ഒരു കാർഡ് മാത്രം മതിയാവും. അതിലെ ഖുർആൻ അധ്യായനാമത്തിൽ പേന തൊട്ട് ഹെഡ്ഫോണിലൂടെ ഖുർആൻ കേൾക്കാം. ആധുനിക സാങ്കേതിക വിദ്യകൾ ഈ രീതിയിൽ നമുക്ക് പ്രയോജനപ്പെടുത്താം. 3500 രൂപയോളമാണ് ഇതിന്റെ വില. www.qpen.inൽനിന്ന് സെറ്റ് ലഭിക്കാനുള്ള വിശദാംശങ്ങൾ ലഭ്യമാണ്.

ഖുർആൻ പഠനത്തിനുള്ള സമാനമായ മറ്റൊരു സാങ്കേതിക വിദ്യയാണ് കളർ ഡിജിറ്റൽ ഖുർആൻ. 29 ഭാഷകളിലുള്ള പരിഭാഷകളും 14 വ്യത്യസ്ത ഖുർആൻ പാരായണവും അനേകം തഫ്സീറുകളും മറ്റു ഇസ്‌ലാമിക പുസ്തകങ്ങളും ആപ്ലിക്കേഷനുകളും അടങ്ങുന്ന ഒരു പോക്കറ്റ് ഡിവൈസാണ് ഇത്. എൽ.സി.ഡി സ്ക്രീനും ഓഡിയോ-വീഡിയോ റെക്കോർഡിംഗ് സൗകര്യങ്ങളും ഇതോടൊപ്പം ലഭിക്കും. 3000-ന് പുറത്താണ് ഇതിന്റെയും വില. ■